നേരിട്ട് കണ്ടും കത്തുകൾ മുഖേനയും സ്ഥാപനത്തിന്റെ ചെയർമാൻ അഭ്യർത്ഥന നടത്തിയിട്ടുണ്ട്. വിദേശ തൊഴിൽദാതാക്കൾ ഇന്ത്യയിലെ അംഗീകൃത റിക്രൂട്ട്മെന്റ് ഏജൻസികളുടെ വിവരം ശേഖരിക്കുന്നതിനായി എംബസികളെ സമീപിക്കുമ്പോൾ ഈ സ്ഥാപനത്തെപ്പറ്റിയുള്ള വിവരവും വിലാസവും ഫോൺ, ഫാക്സ്, ഇ-മെയിൽ എന്നിവയും എംബസി നൽകുന്നുണ്ട്. അതിനെ തുടർന്ന് പല വിദേശ തൊഴിൽ ദാതാക്കളും ഈ സ്ഥാപനവുമായി ബന്ധപ്പെടാറുണ്ട്. കൂടാതെ വിദേശത്തുള്ള പ്രമുഖ സ്ഥാപനങ്ങളുടെ വിവരം ഇന്റർനെറ്റ് വഴിയും ഈ സ്ഥാപനം വഴി ജോലി ലഭിച്ച് പോയവർ വഴിയും ശേഖരിച്ചു അവർക്ക് ഈ സ്ഥാപനത്തെക്കുറിച്ച് വിവരം നൽകുന്നുണ്ട്. കൂടാതെ ഇന്ത്യയിലുള്ള വിദേശരാജ്യങ്ങളുടെ അംബാസിഡർമാരെയും എംബസികളും സന്ദർശിച്ച് ഈ സ്ഥാപനത്തെക്കുറിച്ച് വിവരം ധരിപ്പിക്കുന്നു. വിദേശരാജ്യങ്ങളിലെ ഇന്ത്യൻ അംബാസിഡർമാരിൽ പലർക്കും കത്തുകൾ അയച്ചുവരുന്നുണ്ട്.

(ബി) ഒഡിഇപിസി-യുടെ തൊഴിൽദാതാക്കളിൽ മുൻപന്തിയിൽ നിൽക്കുന്നത് സൗദിഅറേബ്യൻ സർക്കാരിന്റെ ആരോഗ്യമന്ത്രാലയമാണ്. ചില സ്വകാര്യ ഏജൻസികളുടെ അമിതമായ ഇടപെടൽമൂലം ഒരു വർഷക്കാലം സൗദി ആരോഗ്യ മന്ത്രാലയം റിക്രൂട്ട്മെന്റിൽ നിന്നും സർക്കാർ ഏജൻസികളെ മാറ്റി നിർത്തുവാൻ ശ്രമം നടത്തുകയും അതിൽ ഏറെക്കുറെ വിജയിക്കുകയും ചെയ്തിരുന്നു. ഇക്കാര്യം തൊഴിൽ വകുപ്പുമന്ത്രി വഴി കേന്ദ്ര ഓവർസീസ് ഇന്ത്യൻ അഫയേഴ്സ് വകുപ്പുമന്ത്രിയെ ധരിപ്പിക്കുകയും അദ്ദേഹം വഴി സൗദി അറേബ്യൻ സർക്കാരുമായി ഇടപെട്ട് റിക്രൂട്ട്മെന്റ് പുനഃസ്ഥാപിക്കുക യുണ്ടായിട്ടുണ്ട്. അഭ്യസ്ത വിദ്യരായ തൊഴിൽ അന്വേഷകരുടെ വിപുലമായ ഒരു 'ഡേറ്റാബാങ്ക്' ഒ.ഡി.ഇ.പി.സി. തയ്യാറാക്കിയിട്ടുണ്ട്. ഒഴിവുകൾ യഥാകാലം വെബ്സൈറ്റു വഴി എല്ലാവരെയും അറിയിക്കുകയും ചെയ്യുന്നുണ്ട്.

(സി) 1504 പേർക്ക്.

തയ്യൽ തൊഴിലാളി ക്ഷേമനിധി

56(2308) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ എത്ര അംഗങ്ങളുണ്ട് ;

(ബി) തയ്യൽ തൊഴിൽ മേഖലയിൽ ട്രേഡ് യൂണിയൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സംഘടനകൾ എത്ര ; അവയുടെ പേര് വിവരങ്ങൾ വ്യക്തമാക്കുമോ ;

(സി) ട്രേഡ് യൂണിയൻ രജിസ്ട്രാർക്ക് കൃത്യമായ വാർഷിക റിട്ടേൺ സമർപ്പിക്കുന്ന തയ്യൽ തൊഴിലാളി സംഘടനകൾ എത്ര ; അവയുടെ അംഗ ബലം എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ട്രേഡ് യൂണിയൻ നിയമപ്രകാരമല്ലാതെ പ്രവർത്തിക്കുന്ന സംഘടനകളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ഇ) മിനിമം പെൻഷൻ 300 രൂപ എന്ന സർക്കാർ പ്രഖ്യാപനം 9 വർഷത്തിന് മുകളിൽ പണം അടച്ച് പെൻഷനായ എല്ലാ തയ്യൽക്കാർക്കും ബാധകമാക്കിയിട്ടുണ്ടോ ; തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ സർക്കാർ വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 5,57,404 അംഗങ്ങൾ ഉണ്ട്. (31-1-2011-വരെയുള്ള കണക്ക് പ്രകാരം)

(ബി) 79. അവയുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇക്കാര്യം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് വിശദാംശങ്ങൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുവാൻ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്.

(ഇ) മിനിമം പെൻഷൻ 300 രൂപ എന്ന സർക്കാർ പ്രഖ്യാപനം 9 വർഷത്തിന് മുകളിൽ 15 വർഷം വരെ പണമടച്ച് പെൻഷനാവുന്ന എല്ലാ തയ്യൽ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കും ബാധകമാക്കിയിട്ടുണ്ട്. തയ്യൽ തൊഴിലാളികളും തയ്യൽ സ്വയം തൊഴിലായി സ്വീകരിച്ചിട്ടുള്ളവരും ഒരു വർഷം അടയ്ക്കുന്ന മൊത്തം അംശദായത്തിന്റെ പത്തു ശതമാനത്തിനും തുല്യമായ തുകയാണ് ക്ഷേമനിധിയിലേക്ക് ഗ്രാന്റായി സർക്കാർ നൽകേണ്ടത്.

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം

57(2309) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ സുതാര്യവും ജനക്ഷേമകരവുമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) നിയമന ശിപാർശയുടെ കാര്യത്തിൽ അഴിമതിയും സ്വജനപക്ഷപാതവും ധാരാളമായുണ്ടാകുന്നതു സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥരെ ശിക്ഷിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) രജിസ്റ്റർ ചെയ്ത് ഇരുപതും ഇരുപത്തഞ്ചും വർഷം കഴിഞ്ഞിട്ടും ഒരു അഡ്വൈസ് പോലും ലഭിക്കാത്തവരുള്ളപ്പോൾ, ഒന്നും രണ്ടും വർഷം സീനിയോറിറ്റി ഉള്ളവർ പാർട്ട് ടൈം നിയമനത്തിന് ശിപാർശ ചെയ്യപ്പെട്ട് നിയമനം തരപ്പെടുത്തിയ സംഭവങ്ങൾ ഉണ്ടാകാനിടയായ സാഹചര്യം പരിശോധിക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly